# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-138/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 05/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-138/2023 തീയ്യതി: 05/04/2023

## ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-04-2021 മുതൽ 22-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 23-01-2023 | 31-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-01-2023 | 31-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ടി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.മേജോ കെ. ജോർജ്ജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജോമോൻ ഫ്രാൻസീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ നന്ദകുമാർ | പ്രസിഡന്റ് | 01-04-2021 | 23-11-2021 |
| ജോമോൻ വി റ്റി | പ്രസിഡന്റ് | 24-11-2021 | 23-01-2022 |
| നിഷമോൾ ബിനോജ് | പ്രസിഡന്റ് | 24-01-2022 | 31-03-2022 |
| ഷിബു കുമാർ എസ് | സെക്രട്ടറി | 01-04-2021 | 24-06-2021 |
| തോമസ് പി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-06-2021 | 04-10-2021 |
| സാം കെ സലാം | സെക്രട്ടറി | 05-10-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിബു കുമാർ എസ് | സെക്രട്ടറി | 01-04-2021 | 24-06-2021 |

| | | | |
|---|---|---|---|
| തോമസ് പി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-06-2021 | 04-10-2021 |
| സാം കെ സലാം | സെക്രട്ടറി | 05-10-2021 | 31-03-2022 |
| അനുമോൾ ആർ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 15-12-2021 |
| ഷീജ കെ ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 16-12-2021 | 31-03-2022 |
| അനിത പി എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 18-10-2021 |
| ജോൺസൺ എം വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19-10-2021 | 31-03-2022 |
| ലളിത പി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| സുജിത പി എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ബിബിൻ പ്രസാദ് കെ | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അബ്ദുൾ ഫത്താഖ് | വെറ്റിനറി സർജൻ | 01-04-2021 | 28-11-2021 |
| ഡോ .പിച്ചൈ മുരുകൻ | വെറ്റിനറി സർജൻ | 29-11-2021 | 31-03-2022 |
| നൗഷാദ് ബി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| മിനിമോൾ കെ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | എസ്.സി.പി. - വികസന ഫണ്ട് ചെലവ് 76.46 ശതമാനം മാത്രം | 1-3-1 |
| 5 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 45.05 ശതമാനം മാത്രം - ₹16,96,113.2 ലാപ്സായി | 1-3-2 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 8 | ക്ഷേമ പെൻഷനുകൾ | 1-6 |
| 9 | മരണപ്പെട്ട വ്യക്തികളുടെ അക്കൗണ്ടിലേയ്ക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം നടത്തി | 1-6-1 |
| 10 | ക്യാഷ് പരിശോധന | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 13 | ILGMS-ൽ ഔട്ട്ഡോർ കളക്ഷൻ എന്ന ശീർഷകത്തിൽ പിരിവ് തുകകൾ പോസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നു | 1-10 |
| 14 | ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ കടമുറികളിൽ പോലും ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ | 1-11 |
| 15 | റേഷൻ  കടകൾക്ക് ലൈസൻസ് അനുവദിച്ചില്ല | 1-12 |
| 16 | ഇ-പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ കെ.യു.ആർ.ഡി.എഫ്.സി. വായ്പ തുകകൾ സൂക്ഷിക്കുന്നു | 1-13 |
| 17 | ദുരന്ത നിവാരണം - തീരദേശ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1-14 |
| 18 | വാഹന ഉപയോഗം - ആവശ്യമായ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല | 1-15 |
| 19 | മുൻകൂറായി തുക കൈമാറിയിട്ടും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മരുന്നുകൾ വിതരണം ചെയ്തിട്ടില്ല | 1-16-1 |
| 20 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-16-2 |
| 21 | പോഷകാഹാര വിതരണം ഭക്ഷണ സാധനങ്ങളുടെ വില നൽകുവാൻ അവശേഷിക്കുന്നു | 1-17 |
| 22 | ഒരേ നിർവ്വഹണോദ്യോഗസ്ഥൻ നടത്തിയ ഒരേ സാധനങ്ങളുടെ വാങ്ങലുകൾക്ക് വ്യത്യസ്ത വിലകൾ നൽകി | 1-18 |
| 23 | ലൈഫ് ഭവന പദ്ധതി - അധിക തുക നൽകിയത് സംബന്ധിച്ച് | 1-19 |
| 24 | വെള്ളക്കരമിനത്തിൽ ഒടുക്കിയ തുക ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടില്ല | 1-20 |
| 25 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ - അപാകതകൾ | 1-21 |
| 26 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സംഘങ്ങൾക്ക് കൈമാറിയിട്ടില്ല | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

₹24,16,925/- മുന്നിരിപ്പും ₹7,70,67,000/- വരവും ₹7,84,88,000/- ചെലവും ₹9,95,925/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09-02-2021ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും ഭരണസമിതിയുടെ 16-02-2021ലെ യോഗത്തിലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകാരം നേടി.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 16-08-2022 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻ ബാക്കി ₹ | അലോട്ട്മെന്റ് വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് – പൊതുവിഭാഗം | 0 | 17606000 | 17606000 | 17264850 | |
| വികസന ഫണ്ട് – എസ്.സി.പി. | 0 | 3869000 | 3869000 | 2958280 | |
| വികസന ഫണ്ട് – റ്റി.സി.പി. | 0 | 510000 | 510000 | 509966 | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 6928541 | 6928541 | 2840022 | 4088519 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 3535699 | 3535699 | 2380124 | 1155575 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 4853319 | 4853319 | 2186542 | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 5582000 | 5582000 | 5170760 | |
| ഐ.സി.ഡി.എസ്. | 1025651 | 658819 | 1684470 | 1404704 | 279766 |
| സമ്പൂർണ്ണ ശുചിത്വം (320100181) | 1040824 | 0 | 1040824 | 736981 | 303843 |
| ടോട്ടൽ സാനിറ്റേഷൻ (320300103) | 547775 | 130000 | 677775 | 280000 | 397775 |
| സാക്ഷരത | 4081 | 2943 | 7024 | 0 | 7024 |
| പൻഡെമിക്/എപ്പിഡെമിക് കൺട്രോൾ ഗ്രാന്റ് | 0 | 300000 | 300000 | 300000 | 0 |
| Grants For Specific Purpose (320300199) | 0 | 1339383 | 1339383 | 1339383 | 0 |
| Grants For Specific Purpose (320300399) | 792432 | 0 | 792432 | 0 | 792432 |
| Grants For Specific Purpose (320400199) | 0 | 1570000 | 1570000 | 760000 | 810000 |

- വാർഷിക കണക്കുകൾ പ്രകാരമുള്ള ഡെവലപ്പ്മെന്റ് ഫണ്ട് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
- വികസന ഫണ്ട് ജനറലിൽ സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്.
- വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

- വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.
- വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1525334 | 1007400 |
| വികസന ഫണ്ട് (SCP) | 58666 | |
| വികസന ഫണ്ട് (TCP) | 14666 | |

### 1-3-1 എസ്.സി.പി. - വികസന ഫണ്ട് ചെലവ് 76.46 ശതമാനം മാത്രം

15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. കൂടാതെ, എസ്.സി.എസ്.പി./ടി.എസ്.പി. ഫണ്ടുകളിൽ ചെലവഴിക്കാത്ത ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ 76.46 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹1,36,920/- 2022-23 സാമ്പത്തിക വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് നടത്തുന്നതിനാൽ ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്ന പൊതുവിഭാഗം വികസന ഫണ്ടിൽ 2022-23 വർഷം മുതൽ കുറവ് വരുന്നതിന് ഇടയാക്കും.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2021-22ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | 2022-23 വർഷത്തെ വികസന ഫണ്ടിൽ നിന്നും ക്രമീകരിക്കുന്ന തുക ₹ |
|---|---|---|---|---|---|
| 3869000 | 2958280 | 910720 | 76.46 | 773800 | 136920 |

### 1-3-2 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 45.05 ശതമാനം മാത്രം - ₹16,96,113.2 ലാപ്സായി

റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹48,53,319/-ൽ 2021-22 സാമ്പത്തിക വർഷം ₹48,53,319/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 49.12 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹16,96,113.2/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 4853319 | 2186542 | 2666777 | 45.05 | 970663.8 | 1696113.2 |

### 1-4 പദ്ധതി അവലോകനം

3.56 കോടി അടങ്കലുള്ള 80 പ്രോജക്ടുകൾ ഉൾപ്പെട്ട 2021-22 വാർഷിക പദ്ധതിയ്ക്ക് 2021 ഫെബ്രുവരി മാസം അംഗീകാരം ലഭിച്ചു. പിന്നീട് 45.22 ലക്ഷം രൂപ അടങ്കലിൽ 20 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2021 മെയ് മാസം പദ്ധതി പരിഷ്കരിച്ചു. കൂടാതെ, ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെയും സംരക്ഷണ ഗ്രാന്റിന്റെയും അധിക വിഹിതം ഉൾപ്പെടുത്തി പുതിയ പ്രോജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | ₹ | | ₹ | (എണ്ണം) | (എണ്ണം) | |
| 150 | 66967582 | 114 | 41876033 | 0 | 36 | 76 |

വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആസൂത്രണ സമിതി,<br>വർക്കിംഗ് ഗ്രൂപ്പ് പുന:സംഘടന | 23.01.2021 (1-1, 1-2) |
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 29.01.2021 |
| ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ | 31.01.2021, 07.02.2021,<br>14.02.2021, 15.02.2021 |
| വികസന സെമിനാർ | 17.02.2021 |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 19.02.2021 |
| ഭരണ സമിതിയുടെ അംഗീകാരം | 20.02.2021 (1-1) |
| സ്പിൽ ഓവർ പ്രോജക്ട് അംഗീകാരം | 05.05.2021 (1-1) |
| ധനകാര്യ കമ്മീഷൻ പ്രോജക്ടുകൾ ഉൾപ്പെടുത്തൽ | 05.05.2021 (1-2) |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 23.09.2021 (1-1) |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിന് പകരം മുൻ വർഷങ്ങളിലേതുപോലെ ആവർത്തന സ്വഭാവമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. 2021-22ൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്.

2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള ഗ്രാമസഭ യോഗങ്ങൾ 31.01.2021 മുതൽ 15.02.2021 വരെയും വിവിധ വാർഡുകളിൽ കൂടിയിട്ടുണ്ട്. ഗ്രാമസഭ പ്രദേശത്തെ വികസന ആവശ്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. എന്നാൽ, 2021-22ൽ തുടർ യോഗങ്ങൾ നടത്തുകയും 2021-22 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭകൾ അംഗീകരിക്കുകയും ചെയ്തിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

6.69 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 4.18 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 220 പ്രോജക്ടുകളിൽ 76 ശതമാനം പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 100 | 4167952 | 2865085 | 68.74 |
| വെറ്ററിനറി സർജൻ | 4 | 4 | 100 | 2928000 | 1868000 | 63.8 |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 5 | 5 | 100 | 1704030 | 1240626 | 72.81 |
| സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 100 | 1520000 | 135076 | 8.89 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 15 | 100 | 19783886 | 12604900 | 63.71 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 100 | 4469440 | 3398299 | 76.03 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 1000000 | 640644 | 64.06 |
| സെക്രട്ടറി | 33 | 28 | 84.85 | 9096483 | 6828451 | 75.07 |
| ഹെഡ്മാസ്റ്റർ | 2 | 0 | 0 | 507205 | 0 | 0 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 77 | 48 | 62.34 | 21790586 | 12294952 | 56.42 |
| ആകെ | 150 | 114 | 76 | 66967582 | 41876033 | 62.53 |

ഉല്പാദന മേഖലയിൽ അംഗീകാരം ലഭിച്ച 13 പ്രോജക്ടുകളും നടപ്പാക്കി. ഉല്പാദന മേഖലയിൽ ചെലവ് 57.59 ശതമാനമാണ് ചെലവ്. സേവന മേഖലയിൽ ആവിഷ്കരിച്ച 96-ൽ 70 പ്രോജക്ടുകളും പശ്ചാത്തല മേഖലയിൽ ആവിഷ്കരിച്ച 41-ൽ 31 പ്രോജക്ടുകളും നടപ്പാക്കി. സേവന മേഖലയിൽ ചെലവ് 60.86 ശതമാനവും പശ്ചാത്തല മേഖലയിൽ 73.26 ശതമാനവുമാണ്.

വിവിധ വിഭാഗങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവെച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 133 | 99 | 74.44 | 61993078 | 38285615 | 61.76 |
| എസ്.സി.എസ്.പി | 13 | 11 | 84.62 | 4449838 | 3080452 | 69.23 |
| ടി.എസ്.പി. | 4 | 4 | 100 | 509966 | 509966 | 100 |
| ആകെ | 150 | 114 | 76 | 66952882 | 41876033 | 62.53 |

ഗ്രാമസഭയുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതും അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ഭേദഗതി വരുത്തിയിട്ടുള്ളതും. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ്. 2021 ഫെബ്രുവരിയിൽ തന്നെ 2021-22 വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വന്നത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല.

കാർഷികം, മൃഗ സംരക്ഷണം, ആരോഗ്യം എന്നീ മേഖലകളിലും ശിശു വികസനം, വനിതകൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, ദുർബ്ബല വിഭാഗങ്ങൾ എന്നീ വിഭാഗങ്ങളിലും ആവിഷ്കരിച്ച എല്ലാ പ്രോജക്ടുകളും നടപ്പാക്കുന്നതിന് സാധിച്ചിട്ടുള്ളത് ശ്ലാഘനീയമാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 392579 | 1403798 | 1796377 | 1786689 | 9688 |
| അവിദഗ്ദ തൊഴിലാളികൾ കൂലി | 0 | 23529165 | 23529165 | 23529165 | 0 |
| വിദഗ്ദ തൊഴിലാളികൾ കൂലി | 0 | 1303360 | 1303360 | 1303360 | 0 |
| മെറ്റീരിയൽ | 0 | 5504800 | 5504800 | 5504800 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4080 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 1847200 | 116 |
| വിധവ പെൻഷൻ | 9830600 | 177 |
| വാർദ്ധക്യകാല പെൻഷൻ | 22137800 | 1201 |
| വികലാംഗ പെൻഷൻ | 346500 | 177 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 424000 | 24 |

### 1-6-1 മരണപ്പെട്ട വ്യക്തികളുടെ അക്കൗണ്ടിലേയ്ക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം നടത്തി

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം വിശദാംശങ്ങൾ സേവന സോഫ്റ്റ്‌വെയർ 2021 ജനവരി മുതലുള്ള പഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ രേഖകൾ എന്നിവ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടു. പല ഗുണഭോക്താക്കളുടെയും മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണ് പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കാത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ എന്നിവ മുഖേന പെൻഷൻ തുടർന്നും അനുവദിക്കുന്നുണ്ട്. ചുവടെ പട്ടികയിൽ പേര് പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവർ മാത്രമാണ്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. 23.09.2020-ലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷന് അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1. മരണശേഷവും പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നം. | പേരും വിലാസവും | ആധാർ നം. | പെൻഷൻ ഇനം | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ നൽകിയ കാലയളവ് |
|---|---|---|---|---|---|
| 1 | പൊന്നമ്മ മട്ടക്കോലിക്കൽ വീട് | Xxxx1861 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/01/22 | 2/22 വരെ |
| 2 | ചിന്നമ്മ. ചെരുവൻ വീട് .കെ ചപ്പാത്ത് | Xxxx3013 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 04.01.22 | 2/22 വരെ |
| 3 | മറിയക്കുട്ടി. പതാൽപ്പറമ്പിൽ | Xxxx7322 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 14.01.22 | 2/22 വരെ |
| 4 | ഏലിക്കുട്ടി ജോസഫ് പ്ലാപ്പറമ്പിൽ | Xxxx7592 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 10.02.22 | 11/22 വരെ |
| 5 | ഏലിക്കുട്ടി ചാക്കോ | Xxxx3886 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 8.03.22 | 4/22 വരെ |

2) മരണ ശേഷവും ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിച്ചവർ

| ക്രമ നം. | പേരും വിലാസവും | ആധാർ നം. | പെൻഷൻഇനം | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ നൽകിയ കാലയളവ് |
|---|---|---|---|---|---|
| 1 | ബാലകൃഷ്ണൻ തുണ്ടത്തിൽ വീട് | Xxxx0762 | കർഷക പെൻഷൻ | 29.11.21 | 11/2022 വരെ |

| | | | | | |
|---|---|---|---|---|---|
| 2 | ലൂക്കോസ് ഔസേപ്പ് | Xxxx7005 | കർഷക പെൻഷൻ | 01.12.21 | 11/2022 വരെ |
| 3 | വർഗീസ് കടേപറമ്പിൽ | Xxxx9644 | കർഷക പെൻഷൻ | 25.02.22 | 10/22 വരെ |
| 4 | മാത്യു കുളമാക്കാട്ട് | Xxxx9692 | കർഷക പെൻഷൻ | 08.03.22 | 11/22 വരെ |

3. പെൻഷൻ നേരിട്ട് നൽകുന്നതിന് സഹകരണ ബാങ്കുകളെ ഏൽപ്പിച്ചെങ്കിലും തുക കൈമാറുവാൻ സാധിക്കാത്തവ

പെൻഷൻ നേരിട്ട് നൽകുന്നതിന് സഹകരണ ബാങ്കുകളെ ഏൽപ്പിച്ചെങ്കിലും തുക കൈമാറുവാൻ സാധിക്കാത്തവ തിരികെ സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. സഹകരണ ബാങ്കുകൾ മുഖേന നേരിട്ട് നൽകുന്ന തുകകൾ കൈമാറിയതിന്റെ പട്ടിക ബാങ്കുകൾ പഞ്ചായത്തിന് നൽകുന്നില്ല.

| ക്രമ നം. | പേരും വിലാസവും | ആധാർ നം. | പെൻഷൻ ഇനം | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ സഹകരണ ബാങ്കിന് നൽകിയ കാലയളവ് |
|---|---|---|---|---|---|
| 1 | അന്നമ്മ ചാക്കോ കൊച്ചുപറമ്പിൽ | Xxxx4687 | കർഷക തൊഴിലാളി പെൻഷൻ | 9.11.21 | 11/21മുതൽ1/22വരെ |
| 2 | വർഗീസ് കടേപറമ്പിൽ | Xxxx9644 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 25.02.22 | 2/22 |

ക്ഷേമ പെൻഷനുകൾ അനർഹർക്ക് നൽകുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/31.01.2023ന് മറുപടി ലഭ്യമാക്കിയില്ല.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.01.2023ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹29,295/- ( ഇരുപത്തി ഒൻപതിനായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് സംവിധാനം

4 ക്ലാർക്കുമാരും 3 സീനിയർ ക്ലാർക്കുമാരും ഒരു ഓഫീസ് അറ്റന്റന്റും ഒരു ഫുൾ ടൈം ലൈബ്രേറിയനും ഒരു പാർട്ട് ടൈം സ്വീപ്പറും ഒരുപാർട്ട് ടൈം സ്കാവഞ്ചറും അക്കൗണ്ടന്റും ഹെഡ് ക്ലാർക്കും സെക്രട്ടറിയും ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ഇവരുടെ കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നുണ്ട്. നികുതി നിർണ്ണയത്തിൽ അപാകതകൾ കാണുന്നു. ലൈസൻസ്, തൊഴിൽ നികുതി എന്നിവയിൽ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണവും ഫയലിംഗ് സംവിധാനവും തൃപ്തികരമാണ്. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ വാർഡ് തലത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. പൊതുടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്ററിൽ സൂക്ഷിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം

വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയർ വഴിയും ഐ.എൽ.ജി.എം.എസ്. വഴിയും ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന പരിശോധന നടക്കുന്നില്ല.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ –

സൂചിക സോഫ്റ്റ് വെയറിൽ നിന്ന് എടുത്ത് സൂക്ഷിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ –

ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്

ഫ്രണ്ട് ഓഫീസ് ഡയറി –

ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ, മേൽ പരിശോധന നടത്തുകയോ ചെയ്യുന്നില്ല.

1-9 വാർഷിക കണക്കിലെ അപാകതകൾ

1. ബി-4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഹെഡുകളിൽ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ ഏത് ഇനത്തിൽ ലഭിച്ചതാണെന്ന് വ്യക്തമല്ല.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100152 | 10000 |
| 2 | 320100999 | 96077 |
| 3 | 320200399 | 792432 |
| 4 | 320400199 | 810000 |

2. ബി-2 ഷെഡ്യൂളിൽ 311100199, Other Earmarked Special Funds എന്ന ഹെഡിൽ ₹17,926/- നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. ഈ തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല.

3. 2020-21 സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് ഡിപ്രീസിയേഷൻ ഇനത്തിൽ ₹34,80,344/- ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ [ഐ17(എ)] ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ജി.ഒ.(എം. എസ്.)82/2011/ത.സ്വ.ഭ.വ./തീ. 28.03.2011, ജി.ഒ.(എം.എസ്.)നം.152/2011/ത.സ്വ.ഭ.വ./തീ. 26.07.2011 എന്നിവയിൽ അനുശാസിക്കും പ്രകാരം കണക്കാക്കിയിട്ടുള്ളതാണോ എന്ന് വ്യക്തമല്ല.

4. പ്രതിമാസ റിക്കൺസിലിയേഷൻ സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. 2022 മാർച്ച് 31ലെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ടിന്റെ (നം. 120201201220007) റിക്കൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(എ) Cheque Issued But Not Presented Into Bank എന്ന ഇനത്തിൽ 16-02-2022ലെ ചെക്ക് നം. 771330 പ്രകാരം ₹1,810/-യുടെ ചെക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 771330 ചെക്ക് പ്രകാരം 04-04-2022ൽ ₹3,160/- ആണ് പിൻവലിച്ചിരിക്കുന്നത്.

(ബി) 22-03-2022ലെ ചെക്ക് നം. 771399 പ്രകാരം ₹7,140/-യുടെ ചെക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 771399 ചെക്ക് പ്രകാരം 16-03-2022ൽ തന്നെ ₹4,447/- പിൻവലിച്ചിരിക്കുന്നു. തെറ്റായ പൊരുത്തപ്പെടുത്തൽ പത്രികയാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

5. ഡെപ്പോസിറ്റ് രജിസ്റ്റർ സംഗ്രഹം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ബി-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/തീ. 25-01-2023) മറുപടി നൽകിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-10 ILGMS-ൽ ഔട്ട്ഡോർ കളക്ഷൻ എന്ന ശീർഷകത്തിൽ പിരിവ് തുകകൾ പോസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ ഏകജാലകത്തിലാക്കുന്നതിനായി വിന്യസിക്കപ്പെട്ട ILGMS സോഫ്റ്റ് വെയറിൽ മാനവൽ രസീത് പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ അതത് ദിവസം ഔട്ട്ഡോർ കളക്ഷൻ സ്റ്റാഫിന്റെ പേരിൽ രേഖപ്പെടുത്തുകയും ശേഷം ഡീറ്റെയിൽഡ് രസീതായി അതേ ദിവസം തന്നെ വരവിനത്തിന്റെ ഡിമാന്റിനെതിരെ പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുമ്പോൾ ഔട്ട്ഡോർ കളക്ഷൻ സ്റ്റാഫിന്റെ പേരിൽ ആദ്യം രേഖപ്പെടുത്തിയ രസീത് ക്യാൻസൽ ആകുകയും ആയത് അതത് ഇനങ്ങളിലേക്കു പോസ്റ്റ് ചെയ്യപ്പെടുകയും ചെയ്യുന്നു (ഉദാ. കളക്ഷൻ സ്റ്റാഫിന്റെ പേരിൽ ഫ്രണ്ട് ഓഫീസിൽ വസ്തു നികുതി എന്ന ശീർഷകത്തിൽ പിരിക്കുന്ന തുകയുടെ രസീതുകൾ എല്ലാം അതത് കെട്ടിട നമ്പരിലേക്ക് പോസ്റ്റ് ചെയ്യുമ്പോൾ 'ഔട്ട് ഡോർ കളക്ഷൻ' എന്ന ഹെഡിൽ വരവിലെടുത്ത രസീത് ക്യാൻസൽ ചെയ്തു പോകുന്നു). എന്നാൽ അയ്യപ്പൻകോവിൽ പഞ്ചായത്തിൽ ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ ₹17,282/- പോസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നു. ഔട്ട് ഡോർ കളക്ഷൻ എന്ന പേരിൽ രേഖപ്പെടുത്തുന്ന മുഴുവൻ തുകയും അതത് ശീർഷകങ്ങളിൽ പോസ്റ്റ് ചെയ്താൽ മാത്രമാണ് ILGMS-ലെ അക്കൗണ്ടിംഗ് ക്രമീകരണം പൂർത്തിയാവുന്നത്. അക്കൗണ്ടിംഗ് പാതിവഴിയിൽ അവസാനിപ്പിക്കുന്നത് അതത് സോഫ്റ്റ് വെയറുകളിൽ ക്രോഡീകരിക്കുന്ന വരവിനങ്ങളുടെ കണക്കിന്റെ കൃത്യതയ്ക്ക് ഭംഗം വരുത്തുമെന്നതിനാൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ വരവ് തുകകൾ പോസ്റ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-11 ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ കടമുറികളിൽ പോലും ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വിവിധ വ്യാപാര ആവശ്യങ്ങൾക്കായി വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ തൻവർഷം സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള ലൈസൻസ് എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വ്യക്തിയുടെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ജയേഷ് കെ. നായർ | 3/330, 3/328 |
| 2 | ദിലീപ് | 3/327 |
| 3 | ഷാജി തോമസ് | 3/324 |
| 4 | ജിജി വി. കെ. | 3/322 |
| 5 | ബിജുമോൻ കാക്കനാട്ട് | 3/318 |
| 6 | ജോസഫ് ആന്റണി | 3/316, 3/317 |
| 7 | ജോസഫ് ചാക്കോ | 3/311 |
| 8 | ആന്റണി ചാക്കോ | 3/312 |

സ്വന്തം ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ പോലും ലൈസൻസ് കൂടാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിച്ച സാഹചര്യം ഫീൽഡ് തലത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ ഇടപെടലുകളിലെ വീഴ്ചകളാണ് വെളിവാക്കുന്നത്. ലൈസൻസ് ആവശ്യമായ

പ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ സ്ഥാപനങ്ങളും സാധുതയുള്ള ലൈസൻസ് സഹിതമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

1-12 റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (2017-ൽ ഭേദഗതി വരുത്തിയത്) 3-ാം ചട്ടത്തിന് കീഴിലുള്ള പട്ടിക ഒന്നിൽ വരുന്ന ഇനമാണ് റേഷൻ കടകൾ. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019ലെ (സി. എസ്.)എ.9-764/2019 നമ്പർ ഉത്തരവ് അനുസരിച്ച് റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുമില്ല. തൻ വർഷം തൊഴിൽ നികുതി ഈടാക്കിയെങ്കിലും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ ഒരു റേഷൻ കട മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് (ARD NO: 133, പുല്ലുമേട്). ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനും നികുതി ചുമത്തുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ഇ-പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ കെ.യു.ആർ.ഡി.എഫ്.സി. വായ്പ തുകകൾ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി തുകകൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-യുടെ കട്ടപ്പന ശാഖയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിലാണ് (A/c. No: 37119202116) ലൈഫ് ഭവന പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് ലഭിക്കുന്ന വായ്പ തുക സൂക്ഷിക്കുകയും ഇടപാടുകൾ നടത്തുകയും ചെയ്യുന്നത്. ലൈഫ് ഭവന പദ്ധതിക്കായി വായ്പ തുക സ്വീകരിക്കുന്നതിനും ഇടപാടുകൾ നടത്തുന്നതിനുമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുറന്ന് ക്രമീകരണങ്ങൾ നടത്തേണ്ടതാണെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കെ പ്രസ്തുത അക്കൗണ്ട് ഇപ്രകാരം ഉപയോഗിച്ച നടപടി ക്രമപ്രകാരമുള്ളതല്ല. ആയതിന് വിശദീകരണം നൽകേണ്ടതും തുകകൾ യഥാവിധി ക്രമീകരിച്ച് അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-14 ദുരന്ത നിവാരണം - തീരദേശ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

| | |
|---|---|
| നിർവ്വഹണം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | ₹348900/-(തനത് ഫണ്ട്) |
| വൗച്ചർ നമ്പർ | 22100003/16.09.2021 – ₹29260/-<br>22100355/18.02.2022 - ₹275000/-<br>22100005/16.09.2021 – ₹3699/-<br>222000185/08.06.2022 - ₹44640/-<br>₹352599/- |

ഇടുക്കി ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയോട് ചേർന്ന് കിടക്കുന്ന 1, 4, 9, 10, 13 വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് എന്ന് സ്ഥാപനത്തിൽ നിന്ന് 18 വാട്ടിന്റെ 150 തെരുവ് വിളക്കുകൾ വാങ്ങി. ഇതിനായി ₹3,19,640/-(₹275000+44640) ചെലവഴിച്ചു. ഇവയിൽ 140 എണ്ണം സ്ഥാപിച്ചതിന് ₹209/- നിരക്കിൽ ആകെ ₹29,260/- ഇൻസ്റ്റലേഷൻ ചാർജ്ജായി സ്വകാര്യ വ്യക്തിക്കും സൂപ്പർ വിഷൻ ചാർജ്ജിനത്തിൽ ₹3,699/- കെ.എസ്.ഇ.ബി.-ക്കും നൽകി. എന്നാൽ വാങ്ങി ഇൻസ്റ്റാൾ ചെയ്ത തെരുവ് വിളക്കുകൾ സ്റ്റോക്കിലെടുത്തിട്ടില്ല അവശേഷിക്കുന്ന 10 എണ്ണത്തിന്റെ സ്റ്റോക്ക് വിവരങ്ങളും 140 എണ്ണം സ്ഥാപിക്കപ്പെട്ട പ്രദേശങ്ങൾ സംബന്ധിച്ച യാതൊരു രേഖയും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുമില്ല. മാത്രമല്ല കരാർ പ്രകാരം ₹3,48,900/-ക്ക് 150 തെരുവ് വിളക്കുകൾ വിതരണം നടത്തി സ്ഥാപിക്കേണ്ടത് ക്രൂസിന്റെ ചുമതലയായിരുന്നു. എന്നാൽ ലൈറ്റുകൾ വിതരണം നടത്തുക മാത്രമാണ് ക്രൂസ് ചെയ്തിട്ടുള്ളത്. മാത്രമല്ല പഞ്ചായത്ത് കമ്മറ്റിയുടെ 01.01.2022ലെ 6(1) തീരുമാനത്തിൽ 24 മാസ വാറണ്ടിയുള്ള ലൈറ്റുകളിൽ 18 എണ്ണം

നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് പരാമർശമുണ്ട്. ഇവ പ്രവർത്തനക്ഷമമാക്കിയോ എന്ന വിവരം രേഖപ്പെടുത്തിയിട്ടുമില്ല. സ്ഥാപിച്ച് ഏതാനം മാസങ്ങൾ കഴിഞ്ഞപ്പോൾ തന്നെ പ്രവർത്തനക്ഷമമല്ലാതിരുന്നിട്ടും വാറണ്ടി കാലയളവ് അവസാനിക്കുന്നതിന് മുമ്പായി തന്നെ ക്രൂസിന് നൽകേണ്ട മുഴുവൻ തുകയും നൽകി.

2011ലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും സംബന്ധിച്ച മാർഗ്ഗരേഖ (16.09.2011ലെ 3055/ഡി.എ.-3/2011)ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് തെരുവ് വിളക്കുകളുടെ പരിപാലനവും റിപ്പയറും നടപ്പിലാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 29.05.2018ലെ 269/ഡി.എ.-3/2018 സർക്കുലറിൽ നിർദ്ദേശമുണ്ട്. ഇത് പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങളും പാലിക്കുന്നില്ല.

1. വാർഡ് അടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത് മൂലം ഏതൊക്കെ വാർഡിൽ എത്രയെണ്ണം വീതം സ്ഥാപിച്ചിരിക്കുന്നു എന്ന് വ്യക്തമായ കണക്ക് പഞ്ചായത്തിലില്ല.

2. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത് മൂലം കേടായ ലൈറ്റുകളുടെ കൃത്യമായ എണ്ണം നിർണ്ണയിക്കാൻ സാധിക്കാതെ വരുന്നു.

3. തൻവർഷം തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ ₹1,05,303/- ഒടുക്കിയിട്ടുണ്ട്. എന്നാൽ ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് ഏതൊക്കെ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടേതാണെന്നും ആയതിന്റെ തരം ഏതെന്നും വൈദ്യുതി ചാർജ്ജ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നില്ല.

4. ക്രൂസിൽ നിന്ന് വിൽപ്പനാനന്തര സേവനം ഉറപ്പാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ലൈറ്റുകൾ വിതരണം നടത്തുകയും സ്ഥാപിക്കലും 24 മാസം വാറണ്ടിയുള്ള ലൈറ്റുകളുടെ വിൽപ്പനാനന്തര സേവനവും കരാർ പ്രകാരം ക്രൂസിന്റെ ചുമതലയിൽ ഉൾപ്പെട്ടതായിരുന്നു. ക്രൂസ് നിശ്ചയിച്ചിരുന്ന നിരക്കിൽ നിന്ന് ഇൻസ്റ്റലേഷൻ ചാർജ്ജ്, സൂപ്പർവിഷൻ ചാർജ്ജ് എന്നീ ഇനങ്ങളിൽ നൽകേണ്ട തുക കുറവ് ചെയ്തതിന് ശേഷമാണ് ക്രൂസിന് തുക നൽകിയിരിക്കുന്നത്. എന്നാൽ വാറണ്ടി കാലയളിൽ ഉണ്ടാകുന്ന റിപ്പയറിംഗും കൂലി ചെലവും പോലും പഞ്ചായത്തിന് ബാധ്യതയായി മാറിയിരിക്കുന്നു.

മേൽ അപാകതകളിൽ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.5/30.01.2023) നൽകിയതിനെ തുടർന്ന് സ്റ്റോക്ക് രജിസ്റ്ററിൽ ഇവ ഉൾപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കി. തുടർന്നുള്ള അപാകതകൾ പരിഹരിച്ചുകൊള്ളാം എന്ന മറുപടിയും ലഭ്യമാക്കി. വാർഡ് തിരിച്ചുള്ള രജിസ്റ്ററും പരാതി രജിസ്റ്ററും സൂക്ഷിക്കാത്തതിനാൽ നിലവിൽ സ്ഥാപിച്ച തെരുവ് വിളക്കുകളിൽ എത്രയെണ്ണം പ്രവർത്തക്ഷമമാണെന്ന കാര്യത്തിൽ പഞ്ചായത്തിന് വിവര ശേഖരണം നടത്താൻ സാധിച്ചിട്ടില്ല. വാറണ്ടി പീരിയഡ് നാളിതുവരെ അവസാനിക്കാത്തതിനാൽ പ്രവർത്തിക്കാത്തവയുടെ വിവര ശേഖരണം നടത്തി ബന്ധപ്പെട്ട സ്ഥാപനത്തെ അറിയിച്ച് കേടുപാടുകൾ പരിഹരിക്കുകയോ, മാറ്റി വാങ്ങുകയോ ചെയ്യേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ഇപ്രകാരം പ്രവർത്തിക്കാത്തവയുടെയും പരിഹരിച്ച് ലഭിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-15 വാഹന ഉപയോഗം - ആവശ്യമായ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

30-06-2007ലെ സ.ഉ.(എം.എസ്.)170/07/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ ചേർക്കും പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

(I) പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവയുടെ ഓർഡർ ബുക്ക്.

(Ii) റിപ്പയർ രജിസ്റ്റർ.

(Iii) സ്റ്റോക്ക് രജിസ്റ്റർ.

(Iv) ലോഗ് ബുക്ക്.

ഇവയിൽ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. ഡീസൽ നിറയ്ക്കുന്നതിന്റെ വിവരങ്ങളും ഒരു രജിസ്റ്ററിൽ

എഴുതി സൂക്ഷിക്കുന്നുണ്ട്.

മേൽ പരാമർശിച്ച ഉത്തരവിന്റെ ഖണ്ഡിക 4 അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ വാഹനവുമായി ബന്ധപ്പെട്ട് ചെലവായ തുകയെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ കഴിഞ്ഞ അർദ്ധ വർഷത്തിൽ വാഹനം ഓടിയ ദൂരം കിലോ മീറ്ററിൽ കാണിച്ചിരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല.

പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 9 പ്രകാരം കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കണമെന്നും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോധ്യപ്പെടേണ്ടതും പരിശോധിച്ച് വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ പരിശോധന നടത്തിയതായും കാണുന്നില്ല.

ഉത്തരവിന്റെ ഖണ്ഡിക 16-ൽ നിർദ്ദേശിച്ച പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16-1 മുൻകൂറായി തുക കൈമാറിയിട്ടും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മരുന്നുകൾ വിതരണം ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത മരുന്നുകൾ സ്ഥാപനം വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക (₹) | ബിൽ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം (₹) | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|
| 18/22 കല്ലാർ പാലീയേറ്റീവ് കെയർ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ തിരുവനന്തപുരം | 169945 | 21100852010801317405/ തീ.14.03.2022 പ്രകാരം NEFT മുഖേന സ്ഥാപനത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | മരുന്ന് ലഭ്യമായിട്ടില്ല | 169945 |
| 16/22 പി.എച്ച്.സി.-യ്ക്ക് മരുന്ന് വാങ്ങൽ | | 300000 | 21100852010800981421/ തീ.20.01.2022 പ്രകാരം NEFT മുഖേന സ്ഥാപനത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | മരുന്ന് ലഭ്യമായിട്ടില്ല | 300000 |
| | ആകെ | 469945 | | | 469945 |

ഇൻവോയ്സിൽ ആവശ്യപ്പെട്ടിരുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16-2 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| ബിൽനം | 21100852013701451893/തീ. 25.03.2022, ₹100000/- |

മേൽ ബിൽ പ്രകാരമുള്ള തുക ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ സമയ ബന്ധിതമായി ലഭിക്കാതിരിക്കുന്നത് മൂലം ജനങ്ങൾക്ക് ലഭിക്കേണ്ട അത്യാവശ്യ സേവനങ്ങൾ യഥാസമയം നൽകാൻ സാധിക്കാതെ വരുന്നു. മാത്രമല്ല ഇക്കാര്യം സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ജനറൽ കമ്മിറ്റിയിലോ ചർച്ച നടത്തുകയോ, മോണിട്ടറിംഗ് നടത്തുകയോ ചെയ്യുന്നില്ല. ആവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാക്കുവാൻ

നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 പോഷകാഹാര വിതരണം ഭക്ഷണ സാധനങ്ങളുടെ വില നൽകുവാൻ അവശേഷിക്കുന്നു

അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്. നടപ്പാക്കിയ പോഷാകാഹാര വിതരണ പദ്ധതിയിൽ സമൃദ്ധി ന്യൂട്രിമിക്സ് സന്യാസിയോട എന്ന സ്ഥാപനത്തിന് ₹10,40,545/- ഉം സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉപ്പുതറ എന്ന സ്ഥാപനത്തിന് ₹8,43,765/-യും മുൻ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നൽകുവാനുണ്ടെന്ന് കത്ത് നൽകിയിരിക്കുന്നുവന്നും ഈ പദ്ധതി പഞ്ചായത്തിന്റെ ഭരണാനുമതി വാങ്ങാതെയും പദ്ധതിയിൽ തുക വകയിരുത്താതെയുമാണെന്ന് 30-06-2022ലെ കമ്മറ്റി തീരുമാനം നം. 9(1)-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/തീ. 30-1-2023) ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ മറുപടി നൽകിയിട്ടുണ്ട്.

1) താഴെ പറയുന്ന ബില്ലുകൾ പ്രകാരമുള്ള തുകകൾ സമൃദ്ധി ന്യൂട്രിമിക്സ്, സന്യാസി ഓട, സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉപ്പുതറ എന്നീ സ്ഥാപനങ്ങൾക്ക് നൽകുവാനുണ്ട്.

| ക്രമ നം. | ബിൽ നം. | തീയതി | തുക ₹ | സ്ഥാപനം |
|---|---|---|---|---|
| 1 | 288 | 20-09-2021 | 103414 | സമൃദ്ധി ന്യൂട്രിമിക്സ്, സന്യാസിയോട |
| 2 | 289 | 20-09-2021 | 51829 | സമൃദ്ധി ന്യൂട്രിമിക്സ്, സന്യാസിയോട |
| 3 | 296 | 18-10-2021 | 89302 | സമൃദ്ധി ന്യൂട്രിമിക്സ്, സന്യാസിയോട |
| 4 | 297 | 18-10-2021 | 50720 | സമൃദ്ധി ന്യൂട്രിമിക്സ്, സന്യാസിയോട |
| 5 | 307 | 15-11-2021 | 103157 | സമൃദ്ധി ന്യൂട്രിമിക്സ് സന്യാസിയോട |
| 6 | 308 | 15-11-2021 | 53573 | സമൃദ്ധി ന്യൂട്രിമിക്സ് സന്യാസിയോട |
| 7 | 310 | 02-12-2021 | 86877 | സമൃദ്ധി ന്യൂട്രിമിക്സ് സന്യാസിയോട |
| 8 | 311 | 02-12-2021 | 53097 | സമൃദ്ധി ന്യൂട്രിമിക്സ് സന്യാസിയോട |
| 9 | 326 | 03-01-2022 | 101871 | സമൃദ്ധി ന്യൂട്രിമിക്സ് സന്യാസിയോട |
| 10 | 327 | 03-01-2022 | 53120 | സമൃദ്ധി ന്യൂട്രിമിക്സ് സന്യാസിയോട |
| 11 | 335 | 05-02-2022 | 85995 | സമൃദ്ധി ന്യൂട്രിമിക്സ് സന്യാസിയോട |
| 12 | 336 | 05-02-2022 | 53120 | സമൃദ്ധി ന്യൂട്രിമിക്സ് സന്യാസിയോട |
| 13 | 349 | 07-03-2022 | 54400 | സമൃദ്ധി ന്യൂട്രിമിക്സ് സന്യാസിയോട |
| 14 | 348 | 07-03-2022 | 100070 | സമൃദ്ധി ന്യൂട്രിമിക്സ് സന്യാസിയോട |
| 15 | 21588 | 6/2021 | 129284 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉപ്പുതറ |
| 16 | 21906 | 8/2021 | 83771 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉപ്പുതറ |
| 17 | 211023 | 9/2021 | 74861 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉപ്പുതറ |
| 18 | 211079 | 10/2021 | 76351 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉപ്പുതറ |
| 19 | 211405 | 11/2021 | 81533 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉപ്പുതറ |
| 20 | 211583 | 12/2021 | 79915 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉപ്പുതറ |
| 21 | 211775 | 1/2022 | 81710 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉപ്പുതറ |

| | | | | |
|---|---|---|---|---|
| 22 | 211996 | 2/2022 | 110389 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉപ്പുതറ |
| 23 | 212050 | 3/2022 | 125951 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉപ്പുതറ |

2) 2021-22 വർഷത്തെ പദ്ധതി പ്രകാരം 2020-21 വർഷത്തിൽ വാങ്ങിയ ഭക്ഷ്യ വസ്തുക്കളുടെ വിലയാണ് നൽകിയിരിക്കുന്നത്.

3) 2018-19 മുതൽ 2020-21 വരെയുള്ള പോഷകാഹാര വിതരണ സ്റ്റോക്ക് രജിസ്റ്റർ ഫയലുകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ അംഗനവാടി ജീവനക്കാർ ഭക്ഷണ സാധനങ്ങൾ കൈപ്പറ്റിയതായും എല്ലാ മാസവും ഭക്ഷണ സാധനങ്ങൾ വിതരണം നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. 9/2021 മുതൽ 3/2022 വരെയുള്ള ഭക്ഷണ സാധനങ്ങളുടെ വില നൽകിയിട്ടില്ല.

4) പ്രോജക്ടിൽ ഉദ്ദേശിച്ചതിലും അധികമായി ചെലവ് വന്ന ഭക്ഷണ വിതരണത്തിന് ഗ്രാമപഞ്ചായത്തിന്റെ അനുമതിയോ, പ്രത്യേക പദ്ധതിയോ തയ്യാറാക്കിയിട്ടില്ല.

5) ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കുന്ന പോഷാകാഹാര വിതരണ പദ്ധതിക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും അലോട്ടുമെന്റുകളും ചെക്കുകളും നൽകുമ്പോൾ യഥാർത്ഥത്തിൽ വിതരണം നടത്തിയ ഭക്ഷണ സാധനങ്ങൾക്കുള്ളതാണോ എന്ന് മോണിട്ടർ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ, പ്രൊജക്ട് തുകയിൽ അധികമായിട്ടുള്ള വാങ്ങലുകൾക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർ പഞ്ചായത്തിന്റെ അനുമതി വാങ്ങിയിട്ടില്ലായെന്നും അലോട്ടുമെന്റുകളോ, ചെക്കോ വാങ്ങിയിട്ടില്ലാത്തതിനാൽ ഭക്ഷണ വിതരണം മോണിട്ടർ ചെയ്തിട്ടില്ലായെന്നും വ്യക്തമാക്കിയിരിക്കുന്നു. ഈ മറുപടി അംഗീകരിക്കത്തക്കതല്ല. 8/2021 വരെയുള്ള ഭക്ഷണ സാധനങ്ങളുടെ ബില്ലുകളാണ് മാറി നൽകിയിട്ടുള്ളത്. മറുപടി പ്രകാരം 8/2021 വരെയുള്ള ഭക്ഷണ വിതരണമാണ് ഗ്രാമപഞ്ചായത്ത് മോണിട്ടർ ചെയ്തിട്ടുള്ളത്. 9/2021 മുതൽ 3/2022 വരെ ഗ്രാമപഞ്ചായത്തിലെ അംഗനവാടികളിൽ ഭക്ഷണം നൽകിയത് ഗ്രാമപഞ്ചായത്ത് മോണിട്ടർ ചെയ്തിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ ആവശ്യപ്പെടുന്ന അലോട്ടുമെന്റുകളും, ചെക്കുകളും ഏത് മാസത്തെ ബില്ലുകൾക്കുള്ളതാണെന്നും ഗ്രാമപഞ്ചായത്തിൽ നിന്നും പരിശോധിച്ചിട്ടില്ല. ഭാവിയിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അലോട്ടുമെന്റുകളും ചെക്കുകളും നൽകുമ്പോൾ ഏത് ആവശ്യങ്ങൾക്കുള്ളതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6) കുടിശ്ശിക തുക നൽകുവാനുള്ളതിനാൽ 2022-23 വർഷം പോഷകാഹാര വിതരണത്തിൽ തടസ്സം നേരിടുന്നുണ്ടെന്ന് നിലവിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട്. പോഷകാഹാര വിതരണത്തിന് തടസ്സം നേരിട്ടിട്ടുള്ളപക്ഷം ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ₹4,00,000/- പദ്ധതിയിൽ അധികമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

7) ക്രമ നം. (1) പ്രകാരമുള്ള പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്ന ബില്ലുകൾ പ്രകാരമുള്ള പോഷകാഹാര വിതരണം യഥാർത്ഥത്തിൽ നടത്തിയിട്ടുള്ളതാണെങ്കിൽ കുടിശ്ശിക തുക നൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ബില്ലുകൾ പ്രകാരമുള്ള പോഷകാഹര വിതരണം യഥാർത്ഥത്തിൽ നടന്നതാണോ എന്ന് പരിശോധിക്കുന്നതിന് കൂടുതൽ വിശദമായ അന്വേഷണം ആവശ്യമാണെന്നാണ് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നത്. 3/2022-ൽ പൂർത്തിയാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട് ₹18,43,765/-യുടെ ഭക്ഷണ വിതരണം യഥാർത്ഥത്തിൽ നടന്നതാണോയെന്ന് നാളിതുവരെ പരിശോധിച്ചിട്ടില്ലാത്തതും പണം നൽകുവാനുണ്ടെന്നുള്ള വസ്തുത ഗ്രാമപഞ്ചായത്തിന് വ്യക്തമായിരിക്കെ, ഈ വിഷയത്തിൽ യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ലാത്തതും അംഗീകരിക്കത്തക്കതല്ല. ഭക്ഷണ വിതരണം യഥാർത്ഥത്തിൽ നടന്നതാണോയെന്ന് പരിശോധിക്കേണ്ടതും നടന്നിട്ടുണ്ടെങ്കിൽ മതിയായ അനുമതിയോടുകൂടി സ്ഥാപനങ്ങൾക്ക് പണം നൽകേണ്ടതുമാണ്. ഇക്കാര്യത്തിൽ പിഴപലിശയിനത്തിൽ പണം നൽകേണ്ട സാഹചര്യമുണ്ടായാൽ യഥാസമയം ഉചിത നടപടികൾ സ്വീകരിക്കാത്ത ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തുക നൽകുവാൻ അവശേഷിക്കുന്ന ക്രമ നം (1) പ്രകാരമുള്ള ബില്ലുകൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കി. ലഭ്യമാക്കിയ ബില്ലുകൾ പ്രകാരമുള്ള ഭക്ഷണ സാധനങ്ങൾ 9/2021 മുതൽ 3/2022 വരെയുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഭക്ഷണ സാധനങ്ങൾ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ വിവിധ അംഗൻവാടികളിലെ ജീവനക്കാർ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. മറുപടിയോടൊപ്പം 13-07-2021, 11-10-2021 തീയതികളിൽ ഭക്ഷണ വിതരണത്തിന് അധിക തുക അനുവദിക്കണമെന്ന് സൂചിപ്പിച്ച് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഗ്രാമപഞ്ചായത്തിൽ നൽകിയ കത്തിന്റെ പകർപ്പും ലഭ്യമാക്കി. എന്നാൽ പദ്ധതി റിവൈസ് ചെയ്യുകയോ അധിക തുക വകയിരുത്തുകയോ ചെയ്തിട്ടില്ല.

സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി വിതരണം നടത്തിയ ഭക്ഷണ സാധനങ്ങളുടെ പണം ആവശ്യമായ അനുമതികളോടുകൂടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടർ വർഷങ്ങളിലെ പോഷകാഹാര വിതരണത്തിലെ തടസ്സം ഒഴിവാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ഒരേ നിർവ്വഹണോദ്യോഗസ്ഥൻ നടത്തിയ ഒരേ സാധനങ്ങളുടെ വാങ്ങലുകൾക്ക് വ്യത്യസ്ത വിലകൾ നൽകി

നിർവ്വഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ

തൻ വർഷം കൃഷി ഓഫീസർ ഒരേ സാധനങ്ങളുടെ വാങ്ങൽ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത നിരക്കിൽ നടത്തിയതായി കാണുന്നു. വാർഷിക ആവശ്യകത നിർണ്ണയം നടത്തി ഒരേ ടെണ്ടർ നടപടിയിലൂടെ വാങ്ങൽ നടത്തണമെന്ന കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 122, സ്റ്റോർ പർച്ചെയ്സ് മാന്വലിലെ അടിസ്ഥാന നിർദ്ദേശം എന്നിവ പാലിക്കാതെയാണ് താഴെ പറയുന്ന പദ്ധതി പ്രകാരം വാങ്ങൽ നടത്തിയത്.

1. പദ്ധതി നം. 50/2022, വനിതാ കർഷകർക്ക് ജൈവവള വിതരണം എന്ന പദ്ധതിക്കായി

ഇ-ടെണ്ടർ നടത്തിയതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | വില |
|---|---|---|
| എ) | ചിറ്റൂർ എജൻസീസ് | 22.60/kg (ഗുണമേന്മ ഇല്ലാത്തതിനാൽ നിരസിച്ചു) |
| ബി) | മാസ് ഏജൻസീസ് | 31.90/kg (അംഗീകരിച്ചു) |
| സി) | ഹൈറേഞ്ച് ഫെർട്ടിലൈസേഴ്സ് | 33.90 |
| ഡി) | കെയ്കോ | 45.00/kg |

2. പദ്ധതി നം. 53/2022, പട്ടികജാതി വിഭാഗങ്ങൾക്ക് ജൈവവള വിതരണം എന്ന പദ്ധതിക്കായി ടെണ്ടർ നടത്തിയതിൽ താഴെ പറയുന്ന നിരക്കുകളിൽ വിവിധ സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | വില |
|---|---|---|
| എ | ഹൈറേഞ്ച് ഫെർട്ടിലൈസേഴ്സ് | 37.90/kg |
| ബി | കോണികോ, വെട്ടുകാട് | 39.00/kg |
| സി | എസ്.സി.ബി, ഉപ്പുതറ | 39.50/kg |

അപാകതകൾ

എ) ക്രമ നം. (1) പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നതും ഗുണമേന്മയുള്ളതുമായ ജൈവവളം വിതരണം ചെയ്യുന്നതിന് ടെണ്ടർ നൽകിയത് മാസ് ഏജൻസീസ് എന്ന സ്ഥാപനമാണ്.

ബി) ഒരേ ടെണ്ടർ നടപടിയിലൂടെ ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിൽ ക്രമ നം. (2) പ്രകാരമുള്ള പദ്ധതിക്ക് കുറഞ്ഞ നിരക്കിൽ വളം ലഭിക്കുമായിരുന്നു. വ്യത്യസ്ത ടെണ്ടർ നടപടികൾ സ്വീകരിച്ചതിനാൽ ക്രമ നം. (2) പ്രകാരം വാങ്ങിയ ₹5,277.00 കിലോഗ്രാം ജൈവവളത്തിന് കിലോ ഗ്രാമിന് ₹6/- (37.9-31.9) നിരക്കിൽ അധികമായി നൽകേണ്ടി വന്നു. ₹31,662/- (6*5277) ഈ ഇനത്തിൽ കുറവ് ലഭിക്കേണ്ടതായിരുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/30-01-2023) മറുപടി നൽകിയെങ്കിലും അപാകതകൾക്ക് കൃത്യമായ വിശദീകരണം നൽകിയിട്ടില്ല.

ഭാവിയിൽ ഒരേ വാങ്ങലുകൾക്ക് വാർഷിക ആവശ്യകത നിർണ്ണയം നടത്തി ഏകീകൃത ടെണ്ടർ നടത്തേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ലൈഫ് ഭവന പദ്ധതി - അധിക തുക നൽകിയത് സംബന്ധിച്ച്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ ജനറൽ വിഭാഗത്തിൽ ഏതാനും ഗുണഭോക്താക്കൾക്ക് പരിധിയിലധികമായി പണം അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | ഗുണഭോക്താവിന്റെ പേര് | ബിൽ നം./ തീയതി | തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയത് ₹ |
|---|---|---|---|---|---|---|
| 1 | 32594861534 | ശാലിനി ഇ. കെ. | 22/12/2021 | 210000 | | |
| | | | 25/03/2022 | 20000 | | |
| | | | 09/08/2021 | 90000 | | |
| | | | 06/11/2021 | 110000 | | |
| | | | 25/03/2022 | 100000 | | |
| | | | 15/09/2022 | 70000 | | |
| | | | ആകെ | 600000 | 400000 | 200000 |
| 2 | 12280100204944 | ഗീതാ രാമചന്ദ്രൻ | 21/10/20219 | 50000 | | |
| | | | 25/11/2019 | 40000 | | |
| | | | 25/11/2019 | 160000 | | |
| | | | 25/11/2019 | 20000 | | |
| | | | 25/11/2019 | 30000 | | |
| | | | 10/02/2020 | 50000 | | |
| | | | 10/02/2020 | 50000 | | |
| | | | 06/03/2020 | 50000 | | |
| | | | ആകെ | 450000 | 400000 | 50000 |
| 3 | 423202010012869 | അജിതാ ബാബു | 04/09/2018 | 40000 | | |
| | | | 24/10/2018 | 160000 | | |
| | | | 07/01/2019 | 100000 | | |
| | | | 21/03/2019 | 100000 | | |
| | | | 30/03/2019 | 48380 | | |
| | | | ആകെ | 448380 | 400000 | 48380 |
| 4 | 423202010024254 | സാലി ജോസഫ് & സണ്ണി | 25/11/2019 | 160000 | | |
| | | | 25/11/2019 | 160000 | | |
| | | | 25/11/2019 | 20000 | | |
| | | | 25/11/2019 | 20000 | | |
| | | | 25/11/2019 | 80000 | | |
| | | | 10/02/2020 | 50000 | | |
| | | | 10/02/2020 | 50000 | | |
| | | | 07/01/2019 | 40000 | | |
| | | | 30/03/2019 | 40000 | | |
| | | | ആകെ | 620000 | 400000 | 220000 |
| | | | ആകെ അധികം നൽകിയ തുക | | | 518380 |

₹5,18,380/-ൽ അധികം തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി(നം. 6/തീ.

31-01-2023)യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധിക തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 വെള്ളക്കരമിനത്തിൽ ഒടുക്കിയ തുക ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടില്ല

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ട തുക ₹21,593/- ആണ്. 2021 ജൂലൈ മുതൽ 2022 മാർച്ച് വരെയുള്ള കാലയളവിൽ ₹1,51,151/- വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിലും ഡിമാൻഡ് തുകയിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. മാത്രമല്ല ഒടുക്ക് വരുത്തിയിട്ടുള്ള വെള്ളക്കരത്തിന്റെ പിഴയും കൂടി കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം അവശ്യപ്പെട്ടിട്ടുണ്ട്.

തൻവർഷം വെള്ളക്കരം ഇനത്തിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | തുക ₹ |
|---|---|---|
| 1 | 21100852013700197805/13.07.21 | 21593 |
| 2 | 21100852013700557159/23.10.21 | 43186 |
| 3 | 21100852013700865334/30.12.21 | 21593 |
| 4 | 21100852013700865337/30.12.21 | 21593 |
| 4 | 21100852013701107708/11.02.22 | 21593 |
| 5 | 21100852013701154492/18.02.22 | 21593 |
| | ആകെ | 151151 |

എന്നാൽ ഡിമാന്റ് നോട്ടീസ് പ്രകാരം പ്രസ്തുത തുക വെള്ളക്കരത്തിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ 11/06/2021ലെ ഡിമാന്റ് നോട്ടീസ് പ്രകാരം അടയ്ക്കാൻ അവശേഷിക്കുന്നതുക ₹44,342/- മാത്രമായിരുന്നു. കൃത്യമായി തുക ഒടുക്കിയിട്ടും വാട്ടർ അതോറിറ്റിയുടെ 04/04/22ലെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ₹2,89,952/- ആണ്. ഗ്രാമ പഞ്ചായത്ത് ഒടുക്ക് വരുത്തിയ തുക, കുടിശിക തുക എന്നിവ തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നതിനാൽ കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കണക്കുകൾ കൃത്യത വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ - അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 67/22 |
| അടങ്കൽ | ₹500000/- |
| ബിൽനമ്പർ | 21100852013700438624/23.09.21 – ₹190000/ -<br>211000852013700557186/23.10.21 – ₹306619/- |

പദ്ധതി പ്രകാരം ഒരു ഫോട്ടോസ്റ്റാറ്റ് മെഷീനും ഒരു പ്രിന്ററും 4 കമ്പ്യൂട്ടറും വാങ്ങിയിട്ടുണ്ട്. സാധനങ്ങളെല്ലാം ജെം മുഖേന ആർ. ജെ. എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജെം മുഖേന നേരിട്ടാണ് വാങ്ങൽ നടത്തിയത്. ജെം മുഖേന വാങ്ങൽ നടത്തുമ്പോൾ ₹50,000/- വരെയുള്ള വാങ്ങലുകളാണ് നേരിട്ട് നടത്താവുന്നത്. ₹50,000/-ന് മുകളിലുള്ള വാങ്ങലുകൾക്ക് ആവശ്യമായ സ്പെസിഫിക്കേഷൻ നൽകിയതിന് ശേഷം തിരച്ചിൽ നടത്തി അനുയോജ്യമായ ഏറ്റവും വിലകുറഞ്ഞത് (L1) കണ്ടെത്തി, ഇതേ സ്പെസിഫിക്കേഷനിലുള്ള മറ്റ് രണ്ട് ബ്രാന്റുകളുടെ വിലയുമായി താരതമ്യം ചെയ്ത് അതിലെ L1 സാധനമാണ് വാങ്ങേണ്ടത് എന്ന 26.04.2019ലെ ജി.ഒ(പി) നം. 7/2019/എസ്.പി.ഡി.-യിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

2. ആകെ കരാർ തുക രണ്ടര ലക്ഷത്തിൽ അധികം വരുന്ന എല്ലാ വാങ്ങലുകൾക്കും ജി. എസ്. ടി. ഇനത്തിൽ 1% ടി. ഡി. എസ്. നടത്തി അടയ്ക്കണമെന്ന 2017ലെ കേന്ദ്ര/സംസ്ഥാന ചരക്ക് സേവന നികുതി നിയമം സെക്ഷൻ 51(1) പ്രകാരമുള്ള നിബന്ധന

പാലിച്ചിട്ടില്ല.

തുടർന്ന് ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 കടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സംഘങ്ങൾക്ക് കൈമാറിയിട്ടില്ല

ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത ചുവടെ കൊടുത്തിരിക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം., പേര് | ചെലവഴിച്ച തുക | നടപ്പാക്കിയ പദ്ധതി പ്രവർത്തനം |
|---|---|---|---|
| 1 | 74/2022<br>ചേമ്പളം എസ്.ടി കോളനി കുടിവെള്ള പദ്ധതി | 405300 | കുഴൽകിണർ, പമ്പിംഗ് മെയിൻ, മോട്ടോർപുര, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചു. |
| 2 | 113/2022<br>ഗംഗ കുടിവെള്ള പദ്ധതി | 236503 | വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ, ഫിറ്റിംഗ്സ് എന്നിവ പൂർത്തീകരിച്ചു. |
| 3 | 84/2022<br>ഇടക്കരോട്ട്പടി കുടിവെള്ള പദ്ധതി | 299846 | കുഴൽകിണർ, പമ്പിംഗ് മെയിൻ, മോട്ടോർപുര, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചു. |
| 4 | 152/2022<br>പുല്ലുമേട് കൌന്തി കുടിവെള്ള പദ്ധതി | 299961 | കുഴൽകിണർ, പമ്പിംഗ് മെയിൻ, മോട്ടോർപുര, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചു. |
| 5 | 94/2022<br>കരിശുമല കുടിവെള്ള പദ്ധതി | 299967 | കുഴൽകിണർ, പമ്പിംഗ് മെയിൻ, മോട്ടോർപുര, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചു. |
| 6 | 83/2022<br>മേച്ചേരിപ്പടി കുടിവെള്ള പദ്ധതി | 399955 | കുഴൽകിണർ, പമ്പിംഗ് മെയിൻ, മോട്ടോർപുര, എന്നിവ പൂർത്തീകരിച്ചു. |
| 7 | 90/2022<br>ഹെവൻവാലി കുടിവെള്ള പദ്ധതി | 595191 | കുഴൽകിണർ, പമ്പിംഗ് മെയിൻ, മോട്ടോർപുര, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചു. |

29.01.2018ലെ സ.ഉ(സാധാ)നം.11/2018/ത.സ്വ.ഭ.വ നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6.(ബി)(6) പ്രകാരം എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥകൾ പ്രോജക്ടിൽ ഉൾപ്പെടുത്തണമെന്നും കുടിവെള്ള പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാക്കി പ്രോജക്ടിൽ ഉൾപ്പെടുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 14.02.2018ലെ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.3 തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.5.2009-ലെ ജി.ഒ(ആർ.ടി.)നം.1275/2009 പ്രകാരം പുറപ്പെടുവിച്ച കുടിവെള്ള പദ്ധതികളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗരേഖയുടെ 4-ാം ഖണ്ഡിക എന്നിവ അനുസരിച്ച്, ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണ ചുമതലകൾ ഗുണഭോക്തൃ സംഘം രൂപീകരിച്ച്, കരാർ ചമച്ച് കൈമാറേണ്ടതും തുടർന്ന് ഉണ്ടാകാവുന്ന സാമ്പത്തിക ബാധ്യതകളിൽ നിന്ന് ഒഴിവാകേണ്ടതുമാണ്. എന്നാൽ പ്രസ്തുത കുടിവെള്ള പദ്ധതികൾ മേൽ പരാമർശിച്ച രീതിയിൽ സംഘങ്ങൾക്ക് കൈമാറിയിട്ടില്ല. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് പൂർത്തീകരിക്കുന്ന കുടിവെള്ള പദ്ധതികൾ നാശോന്മുഖമാകാതെ സംരക്ഷിക്കേണ്ടത് ജല ദൗർലഭ്യം ഓരോ വർഷവും കൂടുന്ന അവസരത്തിൽ അനിവാര്യമായ നടപടിയാണ്. കുടിവെള്ള പദ്ധതികൾ അടിയന്തിരമായി ഗുണഭോക്തൃ സംഘങ്ങൾക്ക് കൈമാറാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2021-22 | 168100 | 15/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 168100 | 0 |
| | 2021-22 | 140644 | 23/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 140644 | 0 |
| | 2020-21 | 5031905 | 134/22 ലൈഫ് ഭവനപദ്ധതി-ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ | 3200000 | 1831905 |
| കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 50000 | 120/22 അഗതിരഹിത കേരളം (ആശ്രയ) | 50000 | 0 |
| | 2021-22 | 187000 | 15/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 177000 | 10000* |
| | 2020-21 | 1040000 | ലൈഫ് ഭവനപദ്ധതി | 0 | 1040000 |
| | 2021-22 | 800000 | ലൈഫ് ഭവനപദ്ധതി | 0 | 800000 |

* ₹ 10,000/- തിരിച്ചടച്ചു

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ ₹7,20,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷത്തെ വായ്പ തുക ₹ | ആകെ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ ലൈഫ് ഭവന പദ്ധതി | - | 14671624 | 720000 | 15391624 | 1598666 | 0 | 13792958 |

### 4-6 സ്ഥിര നിക്ഷേപം

- ഇല്ല -

### 4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 39(A) | 1999-2000 | IV-25 | ചെറുകിട ജലസേചന പദ്ധതിയിൽ വ്യാജമായി ഗുണഭോക്താക്കളെ ചേർത്തു | വ്യക്തമല്ല |
| 1997-98 | 39(B) | 1999-2000 | IV-25 | പുതിയ വ്യവസായ യൂണിറ്റിനുള്ള ധനസഹായം അധികം നൽകി | - ടി - |
| 2015-16 | 2-1 | 2016-17 | Annexure-4 | വസ്തു നികുതി അപാകതകൾ | - ടി - |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) (₹) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക (₹) | അവശേഷിക്കുന്ന തുക/ ബാധ്യത (₹) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക (₹) | | | | ഉൾപ്പെട്ട തുക (₹) | ഈടാക്കിയ തുക (₹) | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1997-98 | 27ബി | സുകുമാരൻ നായർ, സെക്രട്ടറി | LF-1461/Spl Cell/SC2 /01/01 Dt. 14.09.2001 | 500 | | | | | | | | |
| 2 | 1997-98 | 28 | സുകുമാരൻ നായർ, സെക്രട്ടറി | LF-1461/Spl Cell/SC2 /01/01 Dt. 14.09.2001 | 1443 | | | | | | | | |

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) (₹) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) (₹) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക (₹) | അവശേഷിക്കുന്ന തുക/ ബാധ്യത (₹) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക (₹) | | | | ഉൾപ്പെട്ട തുക (₹) | ഈടാക്കിയ തുക (₹) | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2000-01 | 24 | ലൌലി അഗസ്റ്റിൻ, കൃഷി ഓഫീസർ | LF-12366/Spl Cell/CSC /C1/2003 Dt. 12.01.2004 | | 69/25728/ 24.06.2006, ₹5000/- | | | | | | | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 2 | 2001-02 | 3 | സി. എം. പോൾ, സെക്രട്ടറി | LF-12366/Spl Cell/SC/2006 Dt. 16.03.2006 | | 18/5728/ 04.09.2006, ₹1861/- | | | | | | | |
| 3 | 2006-07 | 3-14 | രാജീവ് എൻ., കൃഷി ഓഫീസർ | LF-15684/Spl Cell/CSC /C1/2011 Dt. 10.06.2013 | 25000 | | | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം (റെസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹19299892 |
| വരവ് | ₹60617953 |
| ആകെ | ₹79917845 |
| ചെലവ് | ₹62148886 |
| നീക്കിയിരിപ്പ് | ₹17768959 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| - ഇല്ല - | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - ഇല്ല - | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) |
|---|---|
| - ഇല്ല - | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | - ഇല്ല - |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| - ഇല്ല - | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക നമ്പർ |
|---|---|---|---|
| 1997-98 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/ 19.05.2018 | 4 | ഖ.27 (ബി), 28, 39, 40 |
| 2006-07 | കെ.എസ്.എ.ഐ.ഡി.കെ.പി3/1378/2006-07/ (അദാലത്ത്-സെപ്റ്റംബർ)/2022/15.09.2022 | 01 | 3-14 |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്.ഐ.9-1085/16 തീ.01.09.2016 | 14 | 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 4-3 |
| 2009-10 | എൽ.എഫ്.ഐ.9-366/17 തീ.21.04.2017 | 7 | 1-1, 1-2, 2-1(1), (2), 3-3, 3-5, 4-3, 4-6 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ.പി3/1378/2010-11/ (അദാലത്ത്-സെപ്റ്റംബർ)/2022/15.09.2022 | 01 | 3-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.പി3/1378/2015-16/ (അദാലത്ത്-സെപ്റ്റംബർ)/2022/15.09.2022 | 02 | 2-1, 2-2 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.പി3/1378/2016-17/ (അദാലത്ത്-സെപ്റ്റംബർ)/2022/15.09.2022 | 04 | 3-1, 3-2, 3-3, 3-4 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.പി3/1378/2017-18/ (അദാലത്ത്-സെപ്റ്റംബർ)/2022/15.09.2022 | 03 | 2-3, 3-4, 3-12 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.പി3/1378/2018-19/ (അദാലത്ത്-സെപ്റ്റംബർ)/2022/15.09.2022 | 05 | 2-4, 3-1, 3-4, 3-6, 3-7 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-9/347/2021 | 16 | 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-6, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-9/624/2022/ 03.06.2022 | 21 | 1-1 മുതൽ 1-19 വരെ, 3-1, 3-2 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്